264/NSS/DHSE/2009 Date: 24/11/2009

# സർക്കുലർ

ഹയർസെക്കന്ററി നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ 400 സ്പെഷ്യൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണ്. ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിക്കേണ്ടതാണ്. നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്ന യൂണിറ്റുകളിലെ വോളന്റിയർമാർക്ക് മാത്രമേ ഗ്രേസ്മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഈ വർഷത്തെ സ്പെഷ്യൽ ക്യാമ്പിങ്ങ് പ്രോഗ്രാം 2009 ഡിസംബർ 20 മുതൽ 26 വരെയാണ് നടത്തേണ്ടത്. ഒന്നാം ദിവസം രാവിലെ 10 മണിക്ക് തന്നെ ക്യാമ്പ് സൈറ്റിൽ എത്തിച്ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിക്കണം. 7-ാം ദിവസം ഉച്ച ഭക്ഷണത്തിന് ശേഷം മാത്രമേ പിരിയാൻ പാടുള്ളൂ. മുഴുവൻ ക്യാമ്പംഗ ങ്ങൾക്കും ക്യാമ്പിൽ തന്നെ താമസിക്കാൻ സൗകര്യം ഒരുക്കണം. താമസത്തിലും ഭക്ഷണത്തിലും മിതത്വം പാലിക്കണം. ഭക്ഷണം ക്യാമ്പംഗങ്ങളുടെ സഹകരണ ത്തോടെ ക്യാമ്പിൽ തന്നെ പാകപ്പെടുത്തണം.

ക്യാമ്പ് പ്രവർത്തനങ്ങൾ വോളണ്ടിയർ കേന്ദ്രീകൃതമായിരിക്കണം. അവരുടെ ക്രിയാത്മകതക്ക് പ്രധാന്യം നൽകുന്ന സംഘപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം. ക്ലാസ്റൂം ടീച്ചിംഗ് പരമാവധി കുറയ്ക്കണം. എല്ലാ വോളണ്ടിയർമാർക്കും ഒരേ പോലെ പ്രാതിനിധ്യം ലഭിക്കത്തക്കരീതിയിൽ വൃത്ത/അർദ്ധവൃത്താകൃതിയിൽ വേദിയൊരുക്കണം.

കായികപ്രവർത്തനങ്ങൾക്കൊപ്പം ബൗദ്ധികമേഖലയിലെ സാമൂഹ്യ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകണം. ഫീൽഡ് ട്രിപ്പുകളും പഠന യാത്ര കളും എൻ.എസ്.എസ്. ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തപ്പെ ടേണ്ട പ്രവർത്തനങ്ങളാണ്. അവ ക്യാമ്പ് ദിനങ്ങളിൽ സംഘടിപ്പിക്കുവാൻ പാടില്ല.

ഒരു യൂണിറ്റിലെ പരമാവധി 50 പേർക്ക് മാത്രമേ ഒരു വർഷം എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. നോൺ-റസിഡൻഷ്യലായി ക്യാമ്പിൽ പങ്കെടു ത്തവർക്ക് എൻ.എസ്.എസ്. സർട്ടിഫിക്കറ്റിന് അർഹതയില്ല. അതേ സ്കൂളിലോ

അഡ്ജസന്റ് സ്ഥാപനങ്ങളിലോ ക്യാമ്പ് ചെയ്തവർക്കും ഇനിമുതൽ എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് ലഭിക്കുന്നതല്ല. ഈ വിഷയങ്ങളിൽ സ്കൂൾ പ്രിൻസിപ്പൽ നൽകുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലേ ഗ്രേഡ്മാർക്കിനു പരിഗണിക്കുകയുള്ളൂ.

കഴിഞ്ഞ വർഷം നോൺ റസിഡൻഷ്യലായി സ്പെഷ്യൽക്യാമ്പ് ചെയ്ത വർക്കും, 7 ദിവസം പൂർണ്ണമായും ക്യാമ്പ് നടത്താത്തവർക്കും, മറ്റ് നിബന്ധനകൾ പാലിക്കാതിരുന്നവർക്കും മുൻകൂർ അനുവാദത്തോടെ ഈ വർഷം ഒരു പൂർണ്ണ സ്പെഷ്യൽ ക്യാമ്പിംഗ് പ്രോഗാമിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവരുടെ ക്യാമ്പിംഗ് ചെലവ് പൂർണ്ണമായും വോളണ്ടിയർ/യൂണിറ്റ് വഹിക്കേണ്ടതാണ്.

സ്പെഷ്യൽ ക്യാമ്പിംഗിന് നിർദ്ദേശിച്ചിട്ടുള്ള തീം അനുസരിച്ച് (സർക്കുലർ നമ്പർ 263) യൂണിറ്റുകൾക്ക് തനത് പ്രവർത്തനങ്ങൾ കണ്ടെത്താവുന്നതാണ്. അതോടൊപ്പം എൻ.എസ്.എസ്. സെൽ നടപ്പിലാക്കിവരുന്ന 'നേർവഴി'-റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ, ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ, ഉർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, കരി യർ സെമിനാറുകൾ, ലഹരിവിരുദ്ധപ്രവർത്തനങ്ങൾ, വീട് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പരിഗണിക്കാവുന്നതാണ്. ക്യാമ്പ് ദിവസങ്ങ ളിൽ ഒരു ദിവസം ട്രാഫിക് അവയർനസ്, ഫസ്റ്റ് എയ്ഡ് പ്രോഗ്രാമുകൾക്കും, മറ്റൊരുദിവസം 'മാലിന്യവിമുക്ത ഭവനം' പദ്ധതിക്കായും നീക്കിവയ്ക്കേണ്ടതാണ്.

ഒന്നിലധികം യൂണിറ്റുകൾ ചേർന്ന് കമ്പയിൻഡ് ക്യാപിംഗ് അനുവദിക്കുന്നത ല്ല. എന്നാൽ ഒരു ഗ്രാമം മുഴുവൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുണ്ടെ ങ്കിൽ യൂണിറ്റുകൾക്ക് വ്യത്യസ്ത ക്യാമ്പിംഗ് നടത്തിക്കൊണ്ട് സംഘ പ്രവർത്തന ങ്ങളിൽ ഏർപ്പെടാവുന്നതാണ്.

സ്പെഷ്യൽ ക്യാമ്പിംഗ് പ്രൊപ്പോസൽ താഴെ പറയുന്ന ഫോർമാറ്റിൽ 2009 നവംബർ 30 ന് മുൻപായി തപാലിൽ അയക്കേണ്ടതാണ്. ക്യാമ്പ് ഫണ്ട് 15,000 രൂപയുടെ രസീത് A4 പേപ്പറിൽ ടൈപ്പ് ചെയ്ത് ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച് പ്രൊപ്പോസലിനോടൊപ്പം അയയ്ക്കുക.

**ഒപ്പ്**

**പ്രോഗ്രാം കോ-ഓർഡിനേറ്റർ**

# NATIONAL SERVICE SCHEME

**HIGHER SECONDARY EDUCATION DEPARTMENT**

**PROPOSAL FOR ORGANISING SPECIAL CAMPING PROGRAMME**

**1. Name of the School & Unit No.** :

**2. Name of Principal & Phone No.** :

**3. Name of Programme Officer & Phone No.** :

**4. Place of camping with full address** :

**5. Date of commencement of camp** :

**6. Date of closing of the camp** :

**7. No of Volunteers selected Student Volunteers** : **Male** **Female** **Total**

**8. Place of work with detailed address** :

**9. Nearest contact no. with STD Code** :

**10. Route from the school to the site** :

**11. Nearest Bus station & distance** :

**12. Whether the camping Programmes is in the adopted slum/village** :

**13.Agencies. Department of contacted and proposed to be involved** :

**14. Any other information** :

**15. Advance Receipt send for Rs.15000/-** :

Signature of the Programme officer
(With date)

Signature of the Principal
(With date)